**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 404** **13-01-2021 - ൽ മറുപടിയ്ക്ക്**

**സമ്പദ് വ്യവസ്ഥയെ കരകയറ്റുന്നതിന് നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
| (എ) | കോവിഡ് വ്യാപനവും ലോക്ഡൗണും സംസ്ഥാന സമ്പദ്ഘടനയെ തകിടം മറിക്കുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; | (എ) | കോവിഡ് സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധി മുമ്പ് ഉണ്ടാകാത്ത തരത്തിലുള്ളതാണ്. സംസ്ഥാന സമ്പദ് വ്യവസ്ഥയുടെ സമസ്ത മേഖലകളെയും മേൽ പ്രതിസന്ധി ഗ്രസിച്ചിരിക്കുന്നു. കോവിഡ്-19 പകർച്ചവ്യാധിയുടെ സമയത്ത് ചരക്കുകളുടെയും സേവനങ്ങളുടെയും ഉൽപാദനം പൂർണ്ണമായും നിലച്ചു. കൂടാതെ, കോവിഡ്-19 പാൻഡെമിക് സമയത്ത് ഉൽപാദനം നിർത്തുന്നത് പ്രദേശാധിഷ്ഠിതം അല്ല. അതിന്റെ പ്രത്യാഘാതങ്ങൾ എല്ലാ പ്രദേശങ്ങളിലും ഉണ്ട്. പ്രതിസന്ധി അവസാനിച്ചതിനു ശേഷം ഉല്പാദനം പുനരാരംഭിക്കാൻ എടുക്കുന്ന കാലഘട്ടത്തെക്കുറിച്ച് അനിശ്ചിതത്വമുണ്ട്. മുമ്പത്തെ ഉല്പാദന നിലവാരം കൈവരിക്കാൻ എത്ര സമയമെടുക്കുമെന്നതും അനിശ്ചിതത്വത്തിലാണ്. കാരണം ഉൽപാദനം പുനരാരംഭിക്കുന്നത് ദേശീയ അന്തർദേശീയ വിതരണ ശൃംഖലകളെ ആശ്രയിച്ച് നിലകൊള്ളുന്നു. കോവിഡ്-19 മഹാമാരിയും ലോക്ക്ഡൗണും സംസ്ഥാന സമ്പദ്ഘടനയിൽ ചെലുത്തിയ ആഘാതം സംബന്ധിച്ച കേരള സംസ്ഥാന ആസൂത്രണ ബോർഡിന്റെ ദ്രുതഗതിയിലുള്ള വിലയിരുത്തലനുസരിച്ച് കേരള സമ്പദ് വ്യവസ്ഥയുടെ മൊത്തം മൂല്യ വർദ്ധനവിൽ 2020-2021 ഒന്നാം പാദത്തിലെ പ്രതീക്ഷിത നഷ്ടം ഏകദേശം 80,000 കോടി രൂപയാണ്. |
| (ബി) | ഏതൊക്കെ മേഖലകളെയാണ് ഇത് ബാധിച്ചതെന്നും അത് മൂലമുള്ള വരുമാന നഷ്ടം എത്രയെന്നും കണക്കാക്കിയിട്ടുണ്ടോ; | (ബി) | സർക്കാർ, ബാങ്കിംഗ്, വിവരവിനിമയം മുതലായവ തിരഞ്ഞെടുത്ത ഏതാനും മേഖലകളൊഴികെ ചരക്കുകളുടെയും സേവനങ്ങളുടെയും കുറഞ്ഞ ഉൽപാദനമുള്ള ലോക്ക്ഡൗണിന്റെ ഒരു മാസത്തിൽ, പ്രതിമാസ മൂല്യ വർദ്ധനവിന്റെ 80% വരെ നഷ്ടപ്പെട്ടേയ്ക്കാമെന്നാണ് പ്രാഥമിക കണക്കുകൾ സൂചിപ്പിക്കുന്നത്. 2020 മാർച്ച് മാസത്തിൽ, 10 ദിവസത്തെ ഉൽപാദന നഷ്ടവും മാർച്ച് പകുതി മുതൽ സാമ്പത്തിക പ്രവർത്തനം കുറയുന്നുവെന്ന് |

| | | | |
|---|---|---|---|
| | | | കരുതിയാൽ, സംസ്ഥാനത്ത് മൂല്യ വർദ്ധനവിന്റെ കുറവ് ഏകദേശം 29,000 കോടി രൂപയാണെന്ന് കണക്കാക്കുന്നു. സംസ്ഥാന ആസൂത്രണ ബോർഡിന്റെ ദ്രുതഗതിയിലുള്ള വിലയിരുത്തലനുസരിച്ച് 2020-21-ന്റെ ആദ്യ പാദത്തിൽ, ഏപ്രിൽ മാസത്തെ സാമ്പത്തിക പ്രവർത്തനങ്ങളിൽ ആകെ തടസ്സം നേരിട്ടുന്നു. ഇവയിൽ പലതും മെയ് മാസത്തിലും തുടർന്നുള്ള മാസങ്ങളിലും തുടരുമെന്ന് പ്രതീക്ഷിക്കുന്നു. 2020-21 -ലെ സാധാരണ ഉൽപാദന നില 2019-20 നെ അപേക്ഷിച്ച് 5% കൂടുതലാണെന്ന് കരുതിയാൽ ആദ്യ പാദത്തിൽ ഏകദേശം 80,000 കോടി രൂപയുടെ വരെ നഷ്ടമുണ്ടാകുമെന്നാണ് ഇത് അർത്ഥമാക്കുന്നത്. കേരള സമ്പദ് വ്യവസ്ഥയുടെ മൊത്തം മൂല്യവർദ്ധനവിൽ ഒന്നാം പാദത്തിലെ നഷ്ടം ഏകദേശം 80,000 കോടി രൂപയായിരിക്കുമെന്ന് കണക്കാക്കുന്നു. |
| (സി) | തകിടം മറിഞ്ഞ സമ്പദ് വ്യവസ്ഥയെ കരകയറ്റുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ ഇതിനകം സ്വീകരിച്ചത്; വ്യക്തമാക്കുമോ; | (സി) | കോവിഡ് മഹാമാരി മുമ്പെങ്ങും കണ്ടിട്ടില്ലാത്ത വിധമുള്ള സാമ്പത്തിക നിശ്ചലാവസ്ഥയ്ക്കാണ് ഹേതുവായിട്ടുള്ളത്. സമ്പദ് വ്യവസ്ഥയുടെ സമസ്ത മേഖലകളെയും ഗ്രസിച്ച മേൽ മഹാമാരിയുടെ കെടുതികൾ ലഘൂകരിക്കുന്നതിനായി പരമാവധി പണം സമ്പദ്ഘടനയിലേയ്ക്ക് ഒഴുക്കുന്നതിനാവശ്യമായ നടപടികളാണ് പ്രധാനമായും സർക്കാർ കൈക്കൊണ്ടത്. ഇതിന്റെ ഭാഗമായി ലോക്ക്ഡൗൺ കാലയളവിൽ സർക്കാർ സ്വീകരിച്ച നടപടികളിൽ മുഖ്യമായവ ചുവടെ ചേർക്കുന്നു. 1. കോവിഡിന്റെ സമയത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായി ഏഴ് മാസ കാലയളവിൽ 4405.38 കോടി രൂപ ചെലവഴിച്ചു. സാമൂഹ്യ സുരക്ഷാ പെൻഷൻ മാസംതോറും വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു. 2. സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കാത്ത കുടുംബങ്ങൾക്ക് 1000 രൂപ വീതം 147.82 കോടി രൂപ വിതരണം ചെയ്തു. 3. കുടുംബശ്രീയിലെ അംഗങ്ങൾക്ക് 20,000 രൂപ വരെ വായ്പ അനുവദിക്കുന്നതിന് CM's Helping Hand Loan Scheme എന്ന പദ്ധതി ആവിഷ്കരിച്ചു. ഈ ഇനത്തിലെ പലിശ ബാദ്ധ്യത സർക്കാർ വഹിക്കുന്നതാണ്. 4. ലോക്ക്ഡൗൺ കാലയളവിൽ ക്വാറന്റീനിലുള്ളവർക്കും മറ്റ് ആവശ്യക്കാർക്കും ഭക്ഷണം എത്തിക്കുന്നതിനായി കുടംബശ്രീ 1000 കമ്മ്യൂണിറ്റി കിച്ചണുകൾ സജ്ജമാക്കി. 5. ആരോഗ്യ മേഖലയിൽ 500 കോടിയുടെ പാക്കേജ് വിഭാവനം ചെയ്തതിൽ അടിയന്തിരമായി മരുന്നുകൾ, മെഡിക്കൽ/സുരക്ഷാ ഉപകരണങ്ങൾ |

| | | | |
|---|---|---|---|
| | | | വാങ്ങുന്നതിലേയ്ക്കായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് -ന് 200 കോടി രൂപ അനുവദിച്ചു. 6. ലോക്ക്ഡൗൺ കാലത്ത് ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന് 87 ലക്ഷം കുടുംബങ്ങൾക്ക് അവശ്യ സാധനങ്ങളുടെ വിതരണത്തിന് 850 കോടി രൂപയുടെ ചെലവുണ്ടായിട്ടുണ്ടെന്ന് കണക്കാക്കുന്നു. ഇതു കൂടാതെ സൗജന്യ റേഷൻ വിതരണവുമായി ബന്ധപ്പെട്ട് 300 കോടി രൂപയുടെ ചെലവുണ്ടായിട്ടുണ്ട്. 7. ക്ഷേമനിധി ബോർഡിലെ ഗുണഭോക്താക്കൾക്ക് 1000 രൂപ വീതം ആകെ 355.39 കോടി രൂപയും ലോട്ടറി, കയർ, എൻഡോസൾഫാൻ ദുരിതബാധിതർ, കലാകാരന്മാർ, ഖാദി തൊഴിലാളികൾ മുതലായവർക്ക് 57.67 കോടി രൂപയും വിതരണം ചെയ്തു. കോവിഡ് കാലയളവിൽ (നടപ്പ് സാമ്പത്തിക വർഷത്തിൽ) സാധാരണഗതിയിലുള്ള മറ്റ് കേന്ദ്ര ധന സഹായങ്ങൾക്ക് പുറമേ കോവിഡ് 19 എമർജൻസി റെസ്പോൺസ് ആന്റ് ഹെൽത്ത് സിസ്റ്റം എന്ന പേരിൽ 53.01 കോടി രൂപയും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലെ കേന്ദ്ര വിഹിതമായി 157 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. |
| (ഡി) | കോവിഡ് മൂലം ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് എന്തൊക്കെ ആശ്വാസ നടപടികളാണ് സ്വീകരിച്ചത്; അതിനായി എത്ര കോടി രൂപ അനുവദിച്ചു; കേന്ദ്രത്തിൽ നിന്നും ഇതിനകം ലഭിച്ച സഹായങ്ങൾ എന്തൊക്കെയാണ്? | (ഡി) | കോവിഡ് മഹാമാരി മുമ്പെങ്ങും കണ്ടിട്ടില്ലാത്ത വിധമുള്ള സാമ്പത്തിക നിശ്ചലാവസ്ഥയ്ക്കാണ് ഹേതുവായിട്ടുള്ളത്. സമ്പദ് വ്യവസ്ഥയുടെ സമസ്ത മേഖലകളെയും ഗ്രസിച്ച മേൽ മഹാമാരിയുടെ കെടുതികൾ ലഘൂകരിക്കുന്നതിനായി പരമാവധി പണം സമ്പദ്ഘടനയിലേയ്ക്ക് ഒഴുക്കുന്നതിനാവശ്യമായ നടപടികളാണ് പ്രധാനമായും സർക്കാർ കൈക്കൊണ്ടത്. ഇതിന്റെ ഭാഗമായി ലോക്ക്ഡൗൺ കാലയളവിൽ സർക്കാർ സ്വീകരിച്ച നടപടികളിൽ മുഖ്യമായവ ചുവടെ ചേർക്കുന്നു. 1. കോവിഡിന്റെ സമയത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായി ഏഴ് മാസ കാലയളവിൽ 4405.38 കോടി രൂപ ചെലവഴിച്ചു. സാമൂഹ്യ സുരക്ഷാ പെൻഷൻ മാസംതോറും വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു. 2. സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കാത്ത കുടുംബങ്ങൾക്ക് 1000 രൂപ വീതം 147.82 കോടി രൂപ വിതരണം ചെയ്തു. 3. കുടുംബശ്രീയിലെ അംഗങ്ങൾക്ക് 20,000 രൂപ വരെ വായ്പ അനുവദിക്കുന്നതിന് CM’s Helping Hand Loan Scheme എന്ന പദ്ധതി ആവിഷ്കരിച്ചു. ഈ ഇനത്തിലെ പലിശ ബാദ്ധ്യത സർക്കാർ വഹിക്കുന്നതാണ്. 4. ലോക്ക്ഡൗൺ കാലയളവിൽ ക്വാറന്റീനിലുള്ളവർക്കും മറ്റ് ആവശ്യക്കാർക്കും |

| | | | | |
|---|---|---|---|---|
| | | | | ഭക്ഷണം എത്തിക്കുന്നതിനായി കുടുംബശ്രീ 1000 കമ്മ്യൂണിറ്റി കിച്ചണുകൾ സജ്ജമാക്കി. 5. ആരോഗ്യ മേഖലയിൽ 500 കോടിയുടെ പാക്കേജ് വിഭാവനം ചെയ്തതിൽ അടിയന്തിരമായി മരുന്നുകൾ, മെഡിക്കൽ/സുരക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതിലേയ്ക്കായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് -ന് 200 കോടി രൂപ അനുവദിച്ചു. 6. ലോക്ക്ഡൗൺ കാലത്ത് ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന് 87 ലക്ഷം കുടുംബങ്ങൾക്ക് അവശ്യ സാധനങ്ങളുടെ വിതരണത്തിന് 850 കോടി രൂപയുടെ ചെലവുണ്ടായിട്ടുണ്ടെന്ന് കണക്കാക്കുന്നു. ഇതു കൂടാതെ സൗജന്യ റേഷൻ വിതരണവുമായി ബന്ധപ്പെട്ട് 300 കോടി രൂപയുടെ ചെലവുണ്ടായിട്ടുണ്ട്. 7. ക്ഷേമനിധി ബോർഡിലെ ഗുണഭോക്താക്കൾക്ക് 1000 രൂപ വീതം ആകെ 355.39 കോടി രൂപയും ലോട്ടറി, കയർ, എൻഡോസൾഫാൻ ദുരിതബാധിതർ, കലാകാരന്മാർ, ഖാദി തൊഴിലാളികൾ മുതലായവർക്ക് 57.67 കോടി രൂപയും വിതരണം ചെയ്തു. കോവിഡ് കാലയളവിൽ (നടപ്പ് സാമ്പത്തിക വർഷത്തിൽ) സാധാരണഗതിയിലുള്ള മറ്റ് കേന്ദ്ര ധന സഹായങ്ങൾക്ക് പുറമേ കോവിഡ് 19 എമർജൻസി റെസ്പോൺസ് ആന്റ് ഹെൽത്ത് സിസ്റ്റം എന്ന പേരിൽ 53.01 കോടി രൂപയും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലെ കേന്ദ്ര വിഹിതമായി 157 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ